# ടിപ്പു സുൽത്താൻ 8

**കഥാസാരം:** മൈസൂർ സൈന്യത്തിലെ സേനാപതിയായിരുന്ന ഹൈദർഅലിക്ക് ഒരു പുത്രൻ ജനിച്ചു. അവന് ടിപ്പു എന്ന് പേരിട്ടു. ഹൈദർഅലിയെ മൈസൂർ രാജാവ് ഒരു പ്രദേശത്തിൻെറ ഫൗജ് ദാർആക്കി. ബാലം രാജാവ് ശ്രീരംഗപട്ടണം ആക്രമിച്ചു. ടിപ്പുവുമൊന്നിച്ച് ഹൈദർ പ്രത്യാക്രമണത്തിന് ഒരുങ്ങി. ബാലം രാജാവിൻെറ ബന്ധുക്കളെ ടിപ്പു ബന്ധനസ്ഥനാക്കി. തുടർന്ന് രാജാവ് കീഴടങ്ങി. ക്രമേണേ മൈസൂർ രാജ്യം ഹൈദർ അലിക്ക് കീഴിലായി. മഹാരാഷ്ട്രർക്ക് ഇത് രസിച്ചില്ല. അവർ മൈസൂർ ആക്രമിച്ചു. പിന്നീട് മഹാരാഷ്ട്രർ സന്ധിക്ക് തയ്യാറായി. ഹൈദറും നൈസാമും കൂടി ബ്രിട്ടീഷുകാർക്കെതിരെ നീങ്ങി. ആദ്യം മൈസൂർ സൈന്യം തോറ്റെങ്കിലും പിന്നീട് വിജയിച്ചു. എന്നാൽ വീണ്ടും മഹാരാഷ്ട്രരെ ഹൈദറിന് നേരിടേണ്ടിവന്നു. ബ്രിട്ടീഷ്കാർ മഹാരാഷ്ട്രർക്കെതിരെ സഹായിക്കാം എന്ന് പറഞ്ഞെങ്കിലും അവർ ചതിച്ചു. ഒടുവിൽ ഇനാം നൽകി ഹൈദർ അവരെ ഒഴിവാക്കി. മലബാറിലെ ബ്രിട്ടീഷ് സൈന്യത്തെ നേരിടാൻ ടിപ്പുവിനെ ഹൈദർ ഏർപ്പാടാക്കി. മലബാറിൽവെച്ച് ടിപ്പുവിന് ഒരു കുറിമാനംകിട്ടി. പിതാവ് മരിച്ച വിവരമായിരുന്നു അത്. അദ്ദേഹത്തിൻെറ കത്തും ഉണ്ടായിരുന്നു. മന്ത്രിയുടെ സഹായത്തോടെ ടിപ്പു രാജ്യദ്രോഹികളെ അമർച്ചചെയ്യാൻ ആരംഭിച്ചു. ബ്രിട്ടീഷ് പടയുമായി ടിപ്പു ഏറ്റുമുട്ടി അവരെ തോൽപ്പിച്ചു. തുടർന്ന് അവർക്ക് വിട്ടുകൊടുത്തിരുന്ന ബദന്നൂർ ദേശം കൊള്ളയടിക്കുന്നതറിഞ്ഞ് ബ്രിട്ടീഷ് സൈന്യത്തെ അടിയറവ് പറയിച്ചു. എന്നാൽ ഇന്ത്യയിലെ ഗവർണറായി വന്ന കോൺവാലീസ് പ്രഭു ടിപ്പുവിനെതിരെ തന്ത്രങ്ങൾ മെനയുന്നു. അയാൾ മഹാരാഷ്ട്രരെയും നൈസാമിനെയും ടിപ്പുവിനെതിരെ അണിനിരത്തി. എന്നാൽ ടിപ്പു അവരെ പരാജയപ്പെടുത്തി.




▸▸എരുമകളെ ആരാധിക്കുന്ന തമിഴ്നാട്ടിലെ ആദിവാസി വിഭാഗം-തോഡർ


വൈകാതെ-
അങ്ങനെ മലബാർ നമ്മുടെ അധീനതയിലായി. കൊച്ചീരാജാവ് നമ്മുടെ സാമന്തപദവി അംഗീകരിക്കുന്നുമുണ്ട്.
അതെ, ഇനി തിരുവിതാംകൂറും അങ്ങയുടെ കാൽച്ചുവട്ടിലാക്കണം.
പക്ഷേ, ഇംഗ്ലീഷ് ചേരിയിലുള്ള തിരുവിതാംകൂറുമായി ഒരു യുദ്ധം ഒഴിവാക്കാൻ ശ്രമിക്കുന്നതാണ് ബുദ്ധി.
© JINGLE BELL CREATIONS
തിരുവിതാംകൂർ രാജാവായ രാമവർമ്മയ്ക്ക് ടിപ്പു ഒരു സന്ദേശം കൊടുത്തയച്ചു.
കേശവദാസാ, എന്താണ് മൈസൂർ കടുവയുടെ സന്ദേശം?
അടിയൻ വായിച്ചു കേൾപ്പിക്കാം, തമ്പുരാനേ.
താങ്കൾ സൽഗുണ സമ്പന്നനാണെന്നു ഞാൻ മനസ്സിലാക്കുന്നു. എന്നോടു സഖ്യം ചെയ്യുക. താങ്കൾക്കു ഗുണം ചെയ്യും.


ഇല്ല, ടിപ്പുവിനോട് ഒരു വിട്ടുവീഴ്ചയ്ക്കും ഞാൻ തയ്യാറല്ല.
ടിപ്പുവിന്റെ ദൂതൻ മടങ്ങിപ്പോയി.
തമ്പുരാനേ, നമ്മൾ എന്താണ് ചെയ്യേണ്ടത്? ടിപ്പു അടങ്ങിയിരിക്കില്ല.
ഇന്നു തന്നെ കോൺവാലീസ് പ്രഭുവിന് ഒരു കത്തയയ്ക്കാം.
ഇതേസമയം തിരിച്ചെത്തിയ ദൂതൻ, ടിപ്പുവിനെ വിവരമറിയിച്ചു. അപ്പോൾ–
ഓഹോ! രാമവർമ്മ നമുക്കു വഴങ്ങിയില്ലെങ്കിൽ യുദ്ധം തന്നെയാവാം.




▶▶ലോകത്ത് ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന ഭാഷ- മാൻഡാരിൻ (ചൈനീസ്)


ഡിസംബർ 29. രണ്ടു സേനയും തമ്മിൽ ഏറ്റുമുട്ടി.
അള്ളാ...
ഓടിക്കോ...!
എന്നാൽ തിരുവിതാം കൂറി
നോടു പിടിച്ചു നില്ക്കാൻ
മൈസൂർ സൈന്യത്തിനായില്ല.
തന്റെ അറിവോടു കൂടിയല്ല ഈ
പോരാട്ടമുണ്ടായതെന്നും തന്റെ
പരാതികൾക്കു ന്യായമായ പരി
ഹാരമുണ്ടാവണമെന്നും ടിപ്പു
മദ്രാസ് ഗവർണർക്കെഴുതി.




ടി.വി കാണുന്നത് ഹരമാക്കിയിട്ടുള്ള ആൾക്ക് പറയുന്ന പേര്- കൗച് പൊട്ടറ്റോ